"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി - ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാരെ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2542/2024/LSGD തീയതി,തിരുവനന്തപുരം, 27-12-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.272/2021/ത.സ്വ.ഭ.വ; തീയതി 24.11.2021
2. പ്രിൻസിപ്പൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 05.10.2024-ന് ചേർന്ന തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനതല അവലോകനയോഗത്തിന്റെ നടപടിക്കുറിപ്പ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.10.2024ലെ LSGD/PD/37164/2024-DPLC5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

നഗരസഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനും നഗരസഞ്ചയ പ്രദേശത്തിന് പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുന്നതിന് ഒരു സബ്കമ്മിറ്റി രൂപീകരിക്കുന്നതിന് അത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ, നഗരസഞ്ചയ പദ്ധതി രൂപീകരണത്തിന്, മുഖ്യ നഗരസഭയുടെ അധ്യക്ഷ(ൻ) ചെയർപേഴ്സൺ ആയും മുഖ്യ നഗരസഭയുടെ സെക്രട്ടറി കൺവീനർ ആയും, ഒരു ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി (Joint Planning Committee) രൂപീകരിക്കുന്നതിനും ജില്ലാ ആസൂത്രണ സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനത്തെ നഗരസഞ്ചയ സ്ഥാപനങ്ങൾ ഗുരുതരമായ വീഴ്ച വരുത്തുന്നതായും, അർഹതപ്പെട്ട ഗ്രാന്റ് നേടിയെടുക്കുന്നതിൽ പരാജയപ്പെടുന്നതായും, സംസ്ഥാനതല അവലോകന യോഗത്തിൽ വിലയിരുത്തിയതായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്. അതിനാൽ, കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റുപയോഗപ്പെടുത്തി നഗരസഞ്ചയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ രൂപീകരിക്കുന്നതിനും, അവലോകനം ചെയ്യുന്നതിനുമായി ചേരുന്ന ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ, നഗര സഞ്ചയങ്ങൾ നിർബന്ധിത പ്രോജക്ട് ആയി ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നിർവഹണ പുരോഗതി കൃത്യമായി വിലയിരുത്തുന്നതിനായി, ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരെ കൂടി ഉൾപ്പെടുത്തുന്നത് ഉചിതമാണെന്ന് അവലോകന യോഗത്തിൽ

നിരീക്ഷിച്ചിട്ടുള്ളതാണെന്നും, അടുത്ത ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി മുതൽ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരെ ഉൾപ്പെടുത്തുന്നതിന്, നഗരസഞ്ചയങ്ങളുടെ കൺവീനർമാരായ സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ജില്ലാ ജോയിന്റ് ഡയറക്ടർമാരെ ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി ഉത്തരവാകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തെ 7 നഗരസഞ്ചയങ്ങൾക്കായി മില്യൺ പ്ലസ് സിറ്റീസ് ചലഞ്ച് ഫണ്ട് എന്ന പേരിൽ അനുവദിച്ചിട്ടുള്ള ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമാക്കുന്നതിനായി, പരാമർശിത സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന, മുഖ്യ നഗരസഭയുടെ അധ്യക്ഷ(ൻ) ചെയർപേഴ്സൺ ആയും മുഖ്യ നഗരസഭയുടെ സെക്രട്ടറി കൺവീനർ ആയുമുള്ള ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ അതത് ജില്ലാ ജോയിന്റ് ഡയറക്ടർമാരെ കൂടി അംഗമായി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. നഗരസഞ്ചയ പ്രദേശത്തെ എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർ
14. ബന്ധപ്പെട്ട ജില്ലാകളക്ടർ
15. ബന്ധപ്പെട്ട ജില്ലാ പ്ലാനിംഗ് ഓഫീസർ
16. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർമാർ (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 27-12-2024 16:32:34

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്